വനിത
ശിശുവികസന
വകുപ്പ്

**<u>സംയോജിത ശിശു സംരക്ഷണ പദ്ധതി, കേരളം</u>**

**<u>സ്റ്റേറ്റ് ചൈൽഡ് പ്രൊട്ടക്ഷൻ സൊസൈറ്റി മെമ്പർ സെക്രട്ടറിയുടെ നടപടിക്രമങ്ങൾ</u>**

(ഹാജർ- ശ്രീമതി അനുപമ ടി.വി IAS, വനിത ശിശുവികസന ഡയറക്ടർ)

വിഷയം :- വനിത ശിശുവികസന വകുപ്പ് - ഐ.സി.പി.എസ് - ഓർഫനേജ് ഗ്രാന്റ്- 2020-21 സാമ്പത്തിക വർഷത്തെ തുക അനുവദിച്ച് ഉത്തരവാകുന്നു.

പരാമർശം :- 1) 1964 ലെ കേരള ഗ്രാന്റ് ഇൻ എയ്ഡ് റൂൾസ്.

2) സ.ഉ (അച്ചടി) നം. 4/2021/സാനീവ തീയതി 02.02.2021.

3)ഈ കാര്യാലയത്തിലെ 11.01.2022 ലെ ICPS 4(ബി)/908/2021(2) നമ്പർ പരിപത്രം

3)വിവിധ ജില്ലാ വനിത ശിശു വികസന ഓഫീസർമാരുടെ അപേക്ഷ

**<u>ഉത്തരവ് നമ്പർ - ICPS-4(B)/908/2021 തീയതി : 10.03.2022</u>**

ഓർഫനേജ് കൺട്രോൾ ബോർഡിനു കീഴിൽ രജിസ്റ്റർ ചെയ്ത സ്ഥാപനങ്ങൾക്ക് പരാമർശം(1) പ്രകാരം സാമൂഹ്യനീതി വകുപ്പ് മുഖേന ആണ് ഗ്രാന്റ് അനുവദിച്ച് വന്നിരുന്നത്. എന്നാൽ പരാമർശം(2) പ്രകാരം, കുട്ടികളെ സംരക്ഷിക്കുന്ന ക്ഷേമ സ്ഥാപനങ്ങൾക്ക് ഗ്രാന്റ് അനുവദിക്കുന്നതിനു ഗ്രാന്റ് ഇന് എയ്ഡ് റൂൾസ് ഭേദഗതി വരുത്തി ഉത്തരവായിട്ടുണ്ട്. ടി ഉത്തരവ് പ്രകാരം കേരള ഗ്രാന്റ് ഇൻ എയ്ഡ് റൂൾ (12) അനുസരിച്ച് വനിത ശിശു വികസന ഡയറക്ടർ ആണ് ഗ്രാന്റ് അനുവദിക്കേണ്ടത്.

ഇതിന്റെ അടിസ്ഥാനത്തിൽ ഓർഫനേജ് ഗ്രാന്റ് അനുവദിക്കുന്നതിനുള്ള മാർഗ്ഗനിർദേശങ്ങള് പരാമർശം (3) പ്രകാരം പുറപ്പെടുവിച്ചിരുന്നു.കൂടാതെ ജുവനൈൽ ജസ്റ്റിസ് നിയമം 2015 പ്രകാരവും, ഓർഫനേജ് ആൻഡ് അദർ ചാരിറ്റബിൾ ഹോംസ് (സൂപ്പർവിഷൻ ആൻഡ് കണ്ട്രോൾ) നിയമം 1986 പ്രകാരവും രജിസ്ട്രേഷനുള്ള കുട്ടികളെ സംരക്ഷിക്കുന്ന സ്ഥാപനങ്ങൾക്കുള്ള ഗ്രാന്റ് നൽകുന്നതിനായി 2020-21 സാമ്പത്തിക വർഷം ബജറ്റില് തുക വകയിരുത്തിട്ടുണ്ട്.

പരാമർശം (4) പ്രകാരം വിവിധ ജില്ലകളിലെ ക്ഷേമസ്ഥാപനങ്ങൾക്ക് 2020-21 ഗ്രാന്റ് നൽകുന്നതിനുള്ള തുകയുടെ വിവരങ്ങള് ബന്ധപ്പെട്ട ജില്ലാ വനിത ശിശു വികസന ഓഫീസർമാര് അപേക്ഷകൾ നൽകിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ വിവിധ ജില്ലാ വനിത ശിശു വികസന ഓഫീസർമാരുടെ അപേക്ഷയുടെ അടിസ്ഥാനത്തിൽ 2020-21 സാമ്പത്തിക വര്ഷം കേരള ഗ്രാന്റ് ഇൻ എയ്ഡ് റൂൾസ് പ്രകാരമുള്ള ഗ്രാന്റ് നൽകുന്നതിന് ചുവടെ ചേർക്കും പ്രകാരം സാമൂഹ്യ നീതി വകുപ്പ് കൈകാര്യം ചെയ്യുന്ന ജുവനൈൽ ജസ്റ്റിസ് നിയമം 2015 പ്രകാരവും, ഓർഫനേജ് ആൻഡ് അദർ ചാരിറ്റബിൾ ഹോംസ് (സൂപ്പർവിഷൻ ആൻഡ് കണ്ട്രോൾ) നിയമം 1986 പ്രകാരവും

രജിസ്ട്രേഷനുള്ള കുട്ടികളെ സംരക്ഷിക്കുന്ന സ്ഥാപനങ്ങൾക്കുള്ള ഗ്രാന്റ് നൽകുന്ന 2235-02-104-98(NP)36 ശീർഷകത്തിൽ നിന്നും ജില്ലാ വനിത ശിശു വികസന ഓഫീസർക്ക് അല്ലോട്ട്മെന്റ് അനുവദിച്ച് ഉത്തരവാകുന്നു.

| Orphanage H/A:2235-02-104-98(NP)36 | | | | | |
|---|---|---|---|---|---|
| Sl.NO | District | District Panchayath | Municipality | Corporation | Total Amount |
| Sub Head | | 196 | 192 | 191 | |
| 1 | Thiruvananthapuram | 2649250 | 87382 | 1020003 | 3756635 |
| 2 | Kollam | 628204 | | 296757 | 924961 |
| 3 | Pathanamthitta | 514139 | | | 514139 |
| 4 | Alappuzha | 325209 | 79667 | | 404876 |
| 5 | Kottayam | 1101830 | 671533 | | 1773363 |
| 6 | Idukki | 1258534 | 177673 | | 1436207 |
| 7 | Ernakulam | 2850185 | 155408 | 680516 | 3686109 |
| 8 | Thrissur | 2488951 | 270193 | 764782 | 3523926 |
| 9 | Palakkad | 608865 | 519479 | | 1128344 |
| 10 | Malappuram | 1311914 | 726973 | | 2038887 |
| 11 | Kozhikode | 1130991 | | 411973 | 1542964 |
| 12 | Wayanad | 1560910 | | | 1560910 |
| 13 | Kannur | 1017952 | 865222 | 519860 | 2403034 |
| 14 | Kasargod | 288030 | 105244 | | 393274 |
| | | 17734964 | 3658774 | 3693891 | 2,50,87,629 |

മേൽ പട്ടിക പ്രകാരം അനുവദിക്കുന്ന തുക ബന്ധപ്പെട്ട ക്ഷേമ സ്ഥാപനങ്ങൾക്ക് കൈമാറേണ്ടതും,ആയതിന്റെ ധനവിനിയോഗ സാക്ഷ്യപത്രം, KFC ഫോം (44)ൽ വാങ്ങേണ്ടതും ആയതിന്റെ പകർപ്പ് ഈ കാര്യാലയത്തിൽ ലഭ്യമാക്കേണ്ടതാണ്.

(ഒപ്പ്)
വനിത ശിശു വികസന ഡയറക്ടർ &
മെമ്പർ സെക്രട്ടറി SCPS

ബന്ധപ്പെട്ട ജില്ലാ വനിത ശിശു വികസന ഓഫീസർമാർക്കും

പകർപ്പ്:

1. സാമൂഹ്യ നീതി വകുപ്പ് ഡയറക്ടർ (ആമുഖ കത്ത് സഹിതം)
2. ICPS-4
3. സ്റ്റോക്ക് ഫയൽ
4. വെബ് സൈറ്റ്

ഉത്തരവിൻ പ്രകാരം

സൂപ്രണ്ട്